"ഭരണഭാഷ-മാതൃഭാഷ"

**DWCD/3380/2026-ICDSB7**


വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,

പൂജപ്പുര,തിരുവനന്തപുരം

തീയതി : 31-08-2026

E-Mail:directorate.wcd@kerala.gov.in

Phone No.0471-2346534


സർക്കുലർ

വിഷയം:- വനിതശിശുവികസനവകുപ്പ്-അങ്കണവാടികളിലെ പൂരകപോഷകാഹാര ദുരുപയോഗം – പരിശോധനയും നിരീക്ഷണവും ശക്തിപ്പെടുത്തുന്നത് – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു-

സൂചന 1 സാമൂഹ്യക്ഷേമ ഡയറക്ടറുടെ 21/5/2004 ലെ ഐ.സി.ഡി.എസ്/എ1/24924/03 നം ഉത്തരവ്

2. ബഹു ഡയറക്ടറുടെ നിർദേശം

സംയോജിത ശിശു വികസന പദ്ധതിയുടെ പ്രധാന ഘടകമായ പൂരകപോഷകാഹാര പദ്ധതി മുഖേന അങ്കണവാടികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷകാഹാരം വിതരണം ചെയ്ത് വരുന്നു. സർക്കാർ അനുവദിക്കുന്ന ഭക്ഷ്യവസ്തുക്കൾ അർഹരായ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടത് വകുപ്പിന്റെ പ്രഥമ ഉത്തരവാദിത്വമാണ്.

അങ്കണവാടികളിൽ ഗുണഭോക്താക്കൾക്കായി അനുവദിച്ചിട്ടുള്ള, ഭക്ഷ്യവസ്തുക്കളുടെ സ്റ്റോക്ക് കൈകാര്യം ചെയ്യുന്നതിലും വിതരണം ചെയ്യുന്നതിലും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെന്നും ഗുണഭോക്താക്കൾക്ക് അർഹമായ അളവിൽ ഭക്ഷണം ലഭിക്കുന്നില്ലെന്നുമുള്ള പരാതികൾ ഈ കാര്യാലയത്തിൽ ലഭ്യമാകുന്നുണ്ട്.

ഭക്ഷ്യവസ്തുക്കൾ ദുരുപയോഗം ചെയ്യുന്നതും സർക്കാർ പദ്ധതികളുടെ ലക്ഷ്യങ്ങൾക്കും പൊതുജനവിശ്വാസത്തിനും വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുന്നതുമായ അങ്കണവാടി പ്രവർത്തകർക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

ആയതിനാൽ, എല്ലാ പ്രോഗ്രാം ഓഫീസർമാരും ശിശു വികസന പദ്ധതി ഓഫീസർമാരും സൂപ്പർവൈസർമാരും ചുവടെചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

1. അങ്കണവാടികളിൽ സ്ഥിരമായതും അപ്രതീക്ഷിതവുമായ പരിശോധനകൾ നടത്തേണ്ടതാണ്.
2. പരിശോധനാ വേളയിൽ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, ഹാജർ രജിസ്റ്റർ, ഭക്ഷ്യവസ്തു സ്വീകരണ രേഖകൾ എന്നിവ സൂക്ഷ്മമായി പരിശോധിച്ച് രേഖകളും യഥാർത്ഥ സ്റ്റോക്കും തമ്മിൽ പൊരുത്തക്കേടില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

3. ഭക്ഷ്യവസ്തുക്കളുടെ ലഭ്യത, സംഭരണം, വിതരണം എന്നിവ സംബന്ധിച്ച് ഗുണഭോക്താക്കളുടെ രക്ഷിതാക്കളിൽ നിന്നും വിവരശേഖരണം നടത്തി ഭക്ഷണം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. അങ്കണവാടികളിൽ അനുവദിച്ചിട്ടുള്ള ഭക്ഷ്യവസ്തുക്കൾ കുട്ടികൾക്ക് ഭക്ഷണം തയ്യാറാക്കുന്നതിന് മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്നു ഉറപ്പാക്കേണ്ടതാണ്.
5. പരിശോധനകളിൽ ഭക്ഷ്യവസ്തുക്കൾ, സ്റ്റോക്ക് ദുരുപയോഗം നടത്തിയതായോ, രേഖകളിൽ കൃത്രിമം നടത്തിയതായോ കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ സൂചന (1) പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. ഗുരുതര ക്രമക്കേടുകൾ കണ്ടെത്തുന്ന സാഹചര്യങ്ങളിൽ ചട്ടപ്രകാരം ഉള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.
7. ഓരോ മാസവും നടത്തിയ പരിശോധനകളുടെ എണ്ണം, കണ്ടെത്തിയ വീഴ്ചകൾ, സ്വീകരിച്ച നടപടികൾ എന്നിവയുടെ വിശദാംശങ്ങൾ പ്രത്യേകം റിപ്പോർട്ടായി ശിശു വികസന പദ്ധതി ഓഫീസർ ജില്ലാ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതാണ്. തുടർന്ന് പ്രോഗ്രാം ഓഫീസർ റിപ്പോർട്ട് ഡയറക്ടറേറ്റിലേക്കും ലഭ്യമാകേണ്ടതാണ്
8. പരിശോധനാ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി ശിശുവികസന പദ്ധതി ഓഫീസർമാർ നേരിട്ട് പരിശോധനകൾ നടത്തുകയും സൂപ്പർവൈസർമാരുടെ പരിശോധന റിപ്പോർട്ടുകൾ അവലോകനം ചെയ്യേണ്ടതുമാണ്

പൂരകപോഷകാഹാര പദ്ധതി ഏറ്റവും കൂടുതൽ പ്രയോജനം ലഭിക്കേണ്ടത് കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ഉൾപ്പെടെയുള്ള ഗുണഭോക്താക്കൾക്കാണ്. അതിനാൽ സർക്കാർ അനുവദിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ദുരുപയോഗം, അനധികൃത കൈമാറ്റം, ക്രമക്കേടുകൾ എന്നിവ ഒരു സാഹചര്യത്തിലും ന്യായീകരിക്കപ്പെടുന്നതല്ല. ഗുണഭോക്താക്കളുടെ പരാതിയിലൂടെയോ ഈ കാര്യാലയത്തിൽ നിന്നുള്ള അപ്രതീക്ഷിത പരിശോധനകളിലൂടെയോ അത്തരം സംഭവങ്ങൾ കണ്ടെത്തുന്ന പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും പ്രവർത്തകർക്കും എതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

മേൽ നിർദ്ദേശങ്ങൾ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതും കർശനമായ മേൽനോട്ടം ഉറപ്പാക്കേണ്ടതുമാണ്.

ശിവന്യ എസ് എൻ
ജോയിന്റ് ഡയറക്ടർ
പെൻ നമ്പർ-445126
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012

വനിത ശിശു വികസന ഡയറക്ടർ

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും